**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1855** — **08-02-2023 - ൽ മറുപടിയ്ക്ക്**

**കായിക വകുപ്പ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കായിക വകുപ്പ് വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | **പൊതു വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന കായിക പരിശീലനം നൽകുന്നതിനായി ഷൂട്ട്, സ്പ്രിന്റ്, ഗോൾ, പഞ്ച്, ജൂഡോക്ക, ഹെൽത്തി കിഡ്‌സ് എന്നീ പദ്ധതികൾ കായിക വകുപ്പ് നടപ്പിലാക്കുന്നുണ്ട്. വകുപ്പിന് കീഴിലുള്ള ജി വി രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും കായിക മികവ് പുലർത്തുന്നതിനുള്ള വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പൊതുവിദ്യാലയങ്ങളിലും കളിക്കളങ്ങൾ നിർമ്മിച്ച് നൽകുന്നതിനു ള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട് പദ്ധതികൾ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു** |
| (ബി) | പ്രസ്തുത പദ്ധതികളുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ? | (ബി) | **ഗ്രാസ് റൂട്ട് പരിശീലന പദ്ധതികളായ സ്പ്രിന്റ് തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഉദിനൂർ ജി.എച്ച്.എസ്.എസിലും, ഹെൽത്തി കിഡ്‌സ് പദ്ധതി ഉദുമ നിയോജക മണ്ഡലത്തിലെ പെരിയ ജി.എൽ പി.എസ്, കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ കീക്കാംകോട്ട് ജി. എൽ.പി.എസ് എന്നിവിടങ്ങളിലും, നടപ്പിലാക്കുന്നുണ്ട്. ഗോൾ പദ്ധതി കാസർഗോഡ് ജില്ലയിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കാനും ലക്ഷ്യമിടുന്നുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി ആദ്യഘട്ടത്തിൽ നടപ്പിലാക്കുന്ന സ്ഥാപനങ്ങളിൽ കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട് ഉൾപ്പെടുന്നുണ്ട്.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ഫ്ലൈ:-**

ലോക നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഫ്ലൈ. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസുകളിലെ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്.

**സ്പ്രിൻറ്:-**

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിൽ കേരളത്തിൻറെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിൻറ്. സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 6 സെൻററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

**ഹെൽത്തി കിഡ്സ്:-** കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് ഹെൽത്തി കിഡ്സ്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

**ജൂഡോക്കാ:-**

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിന് മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. എട്ട് മുതൽപതിനൊന്ന് വയസ്സ് പ്രായമുള്ള കുട്ടികൾക്കാണ്പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നത്.

**പഞ്ച്:-**

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽ നിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാനത്തിൻറെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനും പദ്ധതി സഹായകരമാകും.

**ഗോൾ**

ഫുട്ബോൾ ലോകറാങ്കിങ്ങിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും, ഗിരിവർഗ്ഗ, തീരദേശ മേഖലകളിലെയും കുട്ടികളിൽ നിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഗോൾ. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽ നിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

**ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം:-** എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിന് ഒരു കളിസ്ഥലം" പദ്ധതി പ്രകാരം ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു.

**ജി വി രാജ സ്പോർട്സ് സ്കൂൾ -** ജി വി രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് സ്കൂൾ എന്നിവ കായിക വകുപ്പിന് കൈമാറി കിട്ടിയതിനുശേഷം അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലന സൌകര്യങ്ങൾ, മികച്ച കായിക ഉപകരണങ്ങൾ , പരിശീലകർ , പുതിയ ഹോസ്റ്റലുകൾ പോഷകസമൃദ്ധമായ ആഹാരം എന്നിവയെല്ലാം ഒരുക്കി നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അടിസ്ഥാന സൌകര്യ വികസനം

കണക്കിലെടുത്ത് ജി വി രാജാ സ്കൂൾ നെ കേന്ദ്ര സർക്കാർ പദ്ധതിയായ ഖേലോ ഇന്ത്യ സ്റ്റേറ്റ് സെന്റർ ഓഫ് എക്സലൻസ് ആയി തെരഞ്ഞെടുക്കുകയും സായി നിലവാരത്തിലുള്ള പരിശീലകർ , കായിക ഉപകരണങ്ങൾ എന്നിവ അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ സ്പോർട്സ് സ്കൂൾ , തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ ഖേലോ ഇന്ത്യ ജില്ലാ സെന്ററുകളായും തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

ഇതുകൂടാതെ പ്രസ്തുത സ്കൂളുകളിൽ കപാസിറ്റി ബിൽഡിംഗ് പ്രോഗ്രാം,ലെജൻഡ്സ് ടോക്ക് ടോ ഫ്യൂച്ചർ ലെജൻഡ്സ്, ന്യൂട്രീഷൻ പ്രോജക്റ്റ്,ഓപ്പറേഷൻസ് ആൻഡ് മെയിന്റനൻസ്, കാഷ് അവാർഡ് ഇൻസെന്റീവ് സ്കീം ,ജൂഡോ & ബോക്സിംഗ് സ്റ്റുഡൻസിനായി ഇൻസ്പിരേഷൻ സ്കോളർഷിപ്പ്, സയൻസ് ആൻറ് ടെക്നോളജി അസസ്സ്മെന്റ് ഓഫ് സ്റ്റുഡൻറ്സ് എന്നിവയും നടപ്പിലാക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ